ഉത്തരം

(എ) പഠനം നടത്തിവരുന്നു.

(ബി) ഭൂഗർഭ ജലസമ്പത്ത് വിനിയോഗിക്കുന്നതിൽ ക്രമീകരണം ആവശ്യമാണെന്ന് പഠനങ്ങളുടെ അടിസ്ഥാനത്തിൽ കണക്കാക്കിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ ഭൂജലത്തിന്റെ ക്രമീകരണത്തിനും നിയന്ത്രണത്തിനുമായി 'ഭൂജല ആക്ട്' പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ഈ ആക്ട് പ്രകാരം വിജ്ഞാപനം ചെയ്യപ്പെടുന്ന പ്രദേശങ്ങളിൽ ഭൂജലത്തിന്റെ വിനിയോഗത്തിൽ ക്രമീകരണം ഏർപ്പെടുത്തുവാൻ കഴിയുന്നതാണ്.

ഭൂഗർഭജലം അസാധാരണമായ വിധത്തിൽ താഴ്ന്നുപോകുന്ന പ്രതിഭാസം

38 [195] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
,, ടി. എൻ. പ്രതാപൻ :
,, വി. ബാലറാം :
ശ്രീമതി രാധാരാഘവൻ :
ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഭൂഗർഭജലം അസാധാരണമായ വിധത്തിൽ താഴ്ന്നു വരുന്നുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാം;

(സി) ചൂഷണം ചെയ്യപ്പെടുന്ന ഭൂഗർഭ ജലത്തിനു തുല്യം വെള്ളം ഭൂമിയിലേക്കു താഴ്ന്നിറങ്ങുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം നല്കുമോ;

(ഇ) സംസ്ഥാനത്ത് എവിടെയെങ്കിലും ഭൂഗർഭജലത്തിൽ ലവണാംശം അനുഭവപ്പെടുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭൂഗർഭജലം അസാധാരണമായ വിധത്തിൽ താഴ്ന്നതായി കാണുന്നില്ല. എന്നാൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലെ ചില വില്ലേജുകളിൽ ഭൂജലനിരപ്പിൽ താഴ്ചയുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഭൂജലത്തിന്റെ അമിതമായ ചൂഷണം, മഴയുടെ ലഭ്യതയിലെ കുറവ്, നഗരവൽക്കരണം, നദികളിലെ മണൽവാരൽ, കുളങ്ങൾ നികത്തുന്നത്, കുഴൽ കിണറുകളുടെ വർദ്ധന എന്നിവ ഇതിന് കാരണങ്ങളാണ്.

(സി ആന്റ് ഡി) ഭൂജലത്തിന്റെ അളവ് കൂട്ടുന്നതിനായി മഴവെള്ള ശേഖര പദ്ധതി, കൃത്രിമ ഭൂജല സംരക്ഷണ പദ്ധതി എന്നിവ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. ഭൂജല വകുപ്പ് സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിൽ മൊട്ടക്കാവ്, പാലക്കാട് ജില്ലയിൽ കോമുട്ടിച്ചെള്ള, കാസർഗോഡ് ജില്ലയിൽ അണിഞ്ഞ എന്നിവിടങ്ങളിൽ കൃത്രിമ ഭൂജല സംരക്ഷണ പദ്ധതികൾ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കിയിട്ടുണ്ട്.

(ഇ) സംസ്ഥാനത്തിന്റെ തീരപ്രദേശത്ത് ചിലയിടങ്ങളിലും വളരെ ചുരുക്കമായി മറ്റു ചില ഭാഗങ്ങളിലും ലവണാംശം കണ്ടുവരുന്നുണ്ട്. അത് പുന്തുറ, ബാലരാമപുരം, കടകംപള്ളി, വയലാർ, ചേർത്തല, പട്ടണക്കാട്, തൈക്കൽ, തുറവൂർ, അരൂർ, ചിറ്റൂർ ചെല്ലാനം, ചാവക്കാട്, കൊപ്പം, രാമനാട്ടുകര എന്നിവിടങ്ങളാണ്.

അന്തർ സംസ്ഥാന നദീജലം പങ്കിടുന്നത് സംബന്ധിച്ച ചർച്ച

39 [996] ശ്രീ. എ. സി. ഷൺമുഖദാസ് :
ഡോ. എ. നീലലോഹിതദാസൻ നാടാർ :
ശ്രീ. കെ. പി. മോഹനൻ :
,, സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്തർ സംസ്ഥാന നദീജലം പങ്കിടുന്നത് സംബന്ധിച്ച് തമിഴ്നാട് ഗവൺമെന്റുമായി ഈ അടുത്ത കാലത്ത് സംസ്ഥാന ഗവൺമെന്റ് എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിനെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഏതൊക്കെ പദ്ധതികൾ സംബന്ധിച്ച ചർച്ചയാണ് നടന്നിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) അവ സംബന്ധിച്ച് കൈക്കൊണ്ട തീരുമാനങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) പറമ്പിക്കുളം-ആളിയാർ കരാർ അവലോകന ചർച്ചകൾ അടുത്ത കാലത്ത് നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly